# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.159/PR/PIC/PHQ/18                                                    Date : 27.06.2018

---

**വിവരപരിപാലനത്തിൽ പോലീസ് പുതിയ മാതൃക സൃഷ്ടിക്കണം - മുഖ്യമന്ത്രി**

പോലീസിന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളും വിജ്ഞാനവും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിന്റെ പൊതുപുരോഗതിക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പോലീസിലെ വിവര-വിജ്ഞാന പരിപാലന സംവിധാനം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ശില്പശാല തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനമൈത്രി, സ്റ്റുഡന്റ് പോലീസ് തുടങ്ങി രാജ്യത്തിന് മാതൃകയായ നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കേരള പോലീസ് വിവരശേഖരണത്തിലും മാനേജ്മെന്റിലും നൂതനമായ ഒരു സംവിധാനം രൂപപ്പെടുത്തി പുതിയൊരു മാതൃക കൂടി സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ഇത് ഇൻഫർമേഷൻ യുഗമാണ്. അറിവും വിജ്ഞാനവും അതുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകളും സമൂഹത്തിൽ ഏറ്റവും ശക്തമായി സ്വാധീനം ചെലുത്തുന്ന കാലഘട്ടമാണിത്. പോലീസ് സംവിധാനങ്ങൾ അവയുടെ പ്രവർത്തനത്തിലൂടെ പലവിധത്തിലുള്ള വിവരങ്ങളും സൃഷ്ടിക്കുകയും ശേഖരിക്കുകയും ചെയ്യുന്നുണ്ട്. ഒരു വർഷം ആറര ലക്ഷത്തിലേറെ കേസുകൾ എടുക്കുന്നു.ക്രമസമാധാന പാലനത്തിലൂടെയും കേസന്വേഷണത്തിലൂടെയും പലതരം വിവരങ്ങൾ ലഭിക്കുന്നു. സിസിടിവി ക്യാമറനിരീക്ഷണം, ഗതാഗത നിയന്ത്രണം തുടങ്ങി എല്ലാത്തരം പ്രക്രിയകൾ വഴിയും ധാരാളം വിവരങ്ങൾ ഉത്പാദിപ്പിക്കുന്നുണ്ട്. അതോടൊപ്പം പോലീസ് ഉദ്യോഗസ്ഥർ ധാരാളം അനുഭവ പരിചയവും ആർജ്ജിക്കുന്നുണ്ട്. ഈ ആർജ്ജിത വിജ്ഞാനം പോലീസിന്റെയാകെ പൊതുസ്വത്തായി മാറ്റുന്നതിനും പ്രവർത്തനത്തിൽ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും ഇന്നുള്ള സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

ഓപ്പൺ ഡേറ്റയുടെ ഈ കാലത്ത് പോലീസ് ഉൾപ്പെടെ ഓരോ ഏജൻസിയും ശേഖരിക്കുന്ന വിവരങ്ങൾ കഴിയുന്നത്ര സമൂഹത്തിന്റെയാകെ ഉപയോഗത്തിനായി ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നവീകരിച്ച പോലീസ് ട്രെയിനിങ് കോളേജ് ആഡിറ്റോറിയത്തിന്റെ പ്രവർത്തനവും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

ട്രെയിനിങ് എ.ഡി.ജി.പി. ഡോ. ബി. സന്ധ്യ, ഹെഡ്ക്വാർട്ടേഴ്സ് എ.ഡി.ജി.പി. എസ്. ആനന്ദകൃഷ്ണൻ, ഡി.ഐ.ജി.മാരായ അനൂപ് കുരുവിള ജോൺ, കെ.സേതുരാമൻ തുടങ്ങിയവർ പങ്കെടുത്തു.

പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ സമാപന പ്രസംഗം നടത്തി. വിവിധ സെഷനുകൾക്ക് പ്രൊഫ. അച്യുത് ശങ്കർ എസ് നായർ (ബയോഇൻഫർമാറ്റിക്സ്, കേരള യൂണിവേഴ്സിറ്റി), ഡോ. ബി അശോക് ഐ.എ.എസ് (സെക്രട്ടറി, സ്പോർട്ട്സ് യൂത്ത് അഫയേഴ്സ്), വിക്ടർ ജോസഫ് റ്റി (വി.എസ്സ്.എസ്സ്.സി.), റ്റി.കെ. വിനോദ് കുമാർ (എ.ഡി.ജി.പി. ഇന്റലിജൻസ്), സുമിത് കുമാർ ബർദാൻ (ഡയറക്ടർ, പ്രെഡിക്ടീവ് അനലിറ്റിക്സ് സൊല്യൂഷൻസ്), സുഷീൽ കണ്ണൻ (ജോ. ഡയറക്ടർ, എൻ.സി.ആർ.ബി.), ഡോ. പ്രദ്ന്യ സർവാദെ (എ.ഡി.ജി.പി., മഹാരാഷ്ട്ര), പുട്ട വിമലാദിത്യ (അസി. ഡയറക്ടർ, നാഷണൽ പോലീസ് അക്കാഡമി), ഹരീശ്വർ എസ് വിശ്വനാഥപ്പ (അഡി. ഡി.സി.പി., ഡൽഹി പോലീസ്), നവൽ ബജാജ് (ഐ.ജി.പി., മഹാരാഷ്ട്ര), അനൂപ് കുരുവിള ജോൺ (ഡി.ഐ.ജി., കേരള പോലീസ് അക്കാഡമി) എന്നിവർ നേതൃത്വം നൽകി.

********